SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**01-08-2021**

## എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൂണിംഗ്, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് ഷിയറിംഗ് എന്നിവയ്ക്കായുള്ള ഉപകരണങ്ങൾ, വീഡ് കട്ടർ, ബ്രഷ് കട്ടർ മുതലയാവയ്ക്ക് ധനസഹായം നൽകുന്നു. എസ്.സി/എസ്.റ്റി ചെറുകിട നാമമാത്ര കർഷകർ, സ്ത്രീ കർഷകർ എന്നിവർക്ക് വീഡ്കട്ടർ, ബ്രഷ്കട്ടർ എന്നിവ വാങ്ങുന്നതിന് സബ്സിഡി 50% നിജപ്പെടുത്തി 1,25000/- രൂപ വരെ എം ഐ ഡി എച്ച് പദ്ധതി പ്രകാരം നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. വിദ്യാഭ്യാസത്തോടൊപ്പം ഗ്രാമീണ കാർഷിക പരിചയം കൂടിയുള്ള പ്രൊഫഷണലുകളുടെ കൂട്ടായ്മ സൃഷ്ടിക്കുക ലക്ഷ്യമിട്ടുകൊണ്ട് കൃഷിവകുപ്പ് യുവതീയുവാക്കൾക്കായി കൃഷിഭവനുകളിൽ നൽകുന്ന ഇന്റേൺഷിപ്പിന് ആഗസ്റ്റ് മാസം 11 വരെ www.keralaagriculture.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം . 24-8-21 മുതൽ 26-8-21 വരെയുള്ള ദിവസങ്ങളിൽ ഇൻറർവ്യൂ നടത്തി ഇന്റേണുകളെ തെരഞ്ഞെടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിലേക്ക് https://agrimachinery.nic.in/index എന്ന വെബ്സൈറ്റിൽ കൂടി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി **8075251014, 9895440373, 9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

4. കാർഷിക പമ്പുകൾ സോളാറിലേക്കു മാറ്റുന്നതിന് www.anert.gov.in എന്ന അനെർട്ട് വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. അനെർട്ടും കെ.എസ്.ഇ.ബി.യും കൃഷി വകുപ്പും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**01-08-2021**

സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ വിവരങ്ങൾ 1800 425 1803 ടോൾ ഫ്രീ നമ്പറിലും അനെർട്ട് ജില്ലാ കാര്യാലയത്തിലും പ്രദേശത്തെ കൃഷി ഓഫീസിലും ലഭിക്കും.

**പരിശീലന പരിപാടികൾ**

5. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി നാളെ (ആഗസ്റ്റ് മാസം 02-ന്,) ശീതകാല പച്ചക്കറി വിളകൾ-കാബേജ്, ക്വാളിഫ്ളവർ എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. സമേതി കേരളയുടെ ആഭിമുഖ്യത്തിൽ ഈ മാസം 03-ന് **പാൽ ഗുണനിലവാരവും ഭക്ഷ്യസുരക്ഷയും** 04-ന് **കൃഷിയിടങ്ങളിലെ എലിയുടെ നിയന്ത്രണം** എന്നീ വിഷയങ്ങളിൽ സമേതി കേരളയുടെ ഫെയ്സ്ബുക്ക് പേജിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2740440** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

7. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"ഓമനമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണവും രോഗനിയന്ത്രണവും"** എന്ന ഓൺലൈൻ പരിശീലന പരിപാടിയിൽ നാളെ (2-8-21) വൈകുന്നേരം 5 മണിക്ക് **അരുമമൃഗങ്ങളുടെയും പക്ഷികളുടെയും പൊതുവായ പരിപാലനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 999 521 3500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് **9446714462** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. ഹോർട്ടികോർപ്പ് ബീ കീപ്പിംഗ് ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 3,4,5 തീയതികളിൽ കരൂർ കൃഷിഭവൻ പരിധിയിൽ വച്ച് തേനീച്ച പരിശീലന ക്ലാസ്സ് നടത്തുന്നു. കാർഷിക ഉത്പാദന ക്ഷമതയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**01-08-2021**

തേനീച്ച പരിപാലനം എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ കർഷകർ, വനിതകൾ എന്നിവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനുമായി **9447910989** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 2-ന് (02.08.21) **മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ-പാൽ പിരിച്ചുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ നാളെ രാവിലെ 11 മണിക്ക് https://meet.google.com/iff-xwbj-kqe എന്ന ഗൂഗിൾമീറ്റ് ലിങ്ക് വഴി ജോയിൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് ആഗസ്റ്റ് 03, 04 തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

11. **കാർഷിക സർവ്വകലാശാല നൽകുന്ന വിളപരിപാലന നിർദ്ദേശങ്ങൾ**

അന്തരീക്ഷ ഈർപ്പം കൂടിയ സാഹചര്യമായതിനാൽ കമുകിലും തെങ്ങിലും മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടെയും തൊപ്പി ഭാഗത്തു നിന്ന് ചീഞ്ഞു വരുകയും അത് തൊപ്പി ഭാഗത്തു നിന്ന് വേർപെട്ടു അടർന്നു വീഴുകയും ചെയ്യുന്നു. എങ്ങനെ വീഴുന്ന അടക്കയുടെ അല്ലെങ്കിൽ മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സീക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**01-08-2021**

## 12. വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ

നനവുള്ള പ്രതലത്തിൽ വളർത്തുന്ന ആട്ടിൻ കുട്ടികളിൽ കോക്സീഡിയ രോഗബാധ കൂടുതലായി കണ്ടു വരുന്നു. കോക്സീഡിയ രോഗം ബാധിക്കുന്ന പക്ഷം ആട്ടിൻ കുട്ടികളുടെ വളർച്ചാ നിരക്ക് കുറയുകയോ മരണം സംഭവിക്കുകയോ ചെയ്യാം. ആയതിനാൽ കൂട്ടിനുള്ളിൽ വെള്ളം കയറാതെയും ഈർപ്പം കൂടാതെയും സൂക്ഷിക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**